"ഭരണഭാഷ - മാതൃഭാഷ"

നം:- A1/1/2025/DGE

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 23-04-2026

**<u>സർക്കുലർ</u>**

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - 2025-26 വർഷത്തിലെ അന്തർജില്ല സ്ഥലംമാറ്റവമായി ബന്ധപ്പെട്ട തുടർ നടപടികൾ - സംബന്ധിച്ച്

സൂചന :-
1. 17.02.2026-ലെ ഈ കാര്യാലയത്തിലെ A1/1/2025/DGE നമ്പർ സർക്കുലർ.
2. കണ്ണൂർ ഐ.എം.എൻ.എസ്. ജി.എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) ശ്രീമതി സൗമ്യ പി.ജെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത MA-645/2026 in OA-571/2025-ന്മേൽ 08.04.2026-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്
3. ശ്രീമതി സിംജ ജോസ് വി.-യും മറ്റുള്ളവരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത MA(EKM)No.554/2026 & OA(EKM)No.350/2026-ന്മേൽ 07.04.2026-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്

************

പരാമർശം (1) സർക്കുലറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അധ്യാപകരുടെ 2025-26 അധ്യയന വർഷത്തെ അന്തർ ജില്ല സ്ഥലംമാറ്റ (IDT) നടപടികൾ ആരംഭിക്കുകയും ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷകൾ വിവിധ തലങ്ങളിൽ ചട്ട പ്രകാരം പരിശോധിച്ച് 25.03.2026-ൽ താത്ക്കാലിക സീനിയോരിറ്റി ലിസ്റ്റ് IDT വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. കണ്ണൂർ ജില്ലയിലെ ഐ.എം.എൻ.എസ്. ജി.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) ശ്രീമതി സൗമ്യ പി. ജെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത MA-645/2026 in OA-571/2025-ന്മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച സൂചന (2) ഇടക്കാല ഉത്തരവിൽ, സൂചന (1) സർക്കുലറിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ പ്രസ്തുത OA-യിന്മേലുള്ള ബഹു. KAT-യുടെ അന്തിമ ഉത്തരവിന് വിധേയമായിരിക്കുമെന്നും (subject to the result of the Original Application) ഈ വിവരം പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ആയി സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരെ അറിയിക്കണമെന്നും ഉത്തരവായിട്ടുണ്ട്. മാത്രമല്ല ശ്രീമതി സിംജ ജോസ് വി.-യും മറ്റുള്ളവരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത MA(EKM)No. 554/2026 & OA(EKM)No. 350/2026-ന്മേലുള്ള സൂചന (3) ഉത്തരവ് പ്രകാരം പ്രസ്തുത താത്ക്കാലിക

സീനിയോരിറ്റി ലിസ്റ്റിന്മേൽ (Annexure A-15) രണ്ട് മാസത്തേക്ക് നടപടി സ്വീകരിക്കരുത് എന്നും ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (1) സർക്കുലർ പ്രകാരമുള്ള അന്തർ ജില്ലാ സ്ഥലംമാറ്റ നടപടികൾ മേല്പറഞ്ഞ OA-കളിന്മേലുള്ള ബഹു. KAT യുടെ അന്തിമ ഉത്തരവിന് വിധേയമായിരിക്കും എന്ന് അറിയിക്കുന്നു.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**(ഗവ. അഡീഷണൽ സെക്രട്ടറി)**
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. **അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)**
2. **എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും**
3. **ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്**
4. **എല്ലാ അപേക്ഷകർക്കും** (through official Web site)



File No. DGE/1/2025-A1 (Computer No. 1291183)
Generated from eOffice by DHANYA V N, A1 DGE, A1 DGE, DIRECTORATE OF GENERAL EDUCATION on 24/04/2026 11:00 AM